REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 05-10-2023** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **കർഷകർക്ക് മികച്ച വിപണിയും കൂടുതൽ ലാഭവും ഉറപ്പാക്കാൻ ദേശീയ മഞ്ഞൾ ബോർഡ് സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
- **മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ മേഖലാതല അവലോകനയോഗം കോഴിക്കോട്ട് ആരംഭിച്ചു. വൈകീട്ട് പൊലീസ് ഓഫീസർമാരുടെ യോഗം ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.**
- **ഇന്ത്യൻ തീരത്തെ കടൽസസ്തനികളുടെ ശാസ്ത്രീയ വിവരശേഖരണത്തിനായി 100- ദിവസത്തെ സമുദ്രഗവേഷണ ദൗത്യം കൊച്ചിയിൽ തുടങ്ങി.**
- **പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറുടെ മരണത്തിൽ തുടരന്വേഷണത്തിന് സിബിഐക്ക് ഹൈക്കോടതിനിർദ്ദേശം.**
- **ഏകദിന ലോകകപ്പ് ക്രിക്കറ്റിന് അൽപ്പ സമയത്തിനകം അഹമ്മദാബാദിൽ തുടക്കം. ആദ്യ മത്സരത്തിൽ ന്യൂസിലാന്റ് ഇംഗ്ലണ്ടിനെ നേരിടും.**
- **ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്ന് രണ്ട് സ്വർണം. ഗെയിംസിൽ ഇന്ത്യയുടെ സ്വർണ നേട്ടം 20 ആയി.**

## വാർത്തകൾ വിശദമായി

കർഷകർക്ക് മികച്ച വിപണിയും കൂടുതൽ ലാഭവും ഉറപ്പാക്കാൻ ദേശീയ മഞ്ഞൾ ബോർഡ് സഹായകരമാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കഠിനാധ്വാനികളായ കോടിക്കണക്കിന് കർഷകർക്ക് പ്രയോജനം

ചെയ്യുന്നതാണ് കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനമെന്നും അദ്ദേഹം എക്സ് പോസ്റ്റിൽ കുറിച്ചു.

സമ്മക്ക സാരക്ക സെൻട്രൽ ട്രൈബൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചത് തെലങ്കാനയിലെ യുവാക്കൾക്ക് വലിയ ഉത്തേജനം നൽകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഗോത്ര സംസ്കാരത്തെക്കുറിച്ച് ആഴത്തിൽ ധാരണയ്ക്കൊപ്പം ഇത് നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

ഗാന്ധിജയന്തി ദിനത്തിൽ ഖാദി വാങ്ങാൻ 'മൻ കി ബാത്ത്' പരിപാടിയിൽ പ്രധാനമന്ത്രി നടത്തിയ അഭ്യർഥനയെ തുടർന്ന് ഡൽഹിയിലെ കൊണാട്ട് പ്ലേസിലെ 'ഖാദി ഭവനിൽ റെക്കോർഡ് വിൽപ്പന. ഖാദിയുടെ ചരിത്രത്തിലാദ്യമായി' ഒറ്റ ദിവസം കൊണ്ട് ഒരു കോടി 52 ലക്ഷം രൂപയുടെ വിൽപ്പന രേഖപ്പെടുത്തി.

✪✪✪

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും നേതൃത്വത്തിൽ കോഴിക്കോട് മേഖലാതല അവലോകനയോഗം ചെറുവണ്ണൂരിൽ രാവിലെ ആരംഭിച്ചു. മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും പുറമെ ചീഫ് സെക്രട്ടറിയും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളുടെ അവലോകനമാണ് നടത്തുന്നത്. യോഗത്തിൽ സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും നടപടി ഉണ്ടാകും.

ഭരണനേട്ടങ്ങൾ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാകാനും സമയബന്ധിത പദ്ധതി നിർവഹണം ഉറപ്പാക്കാനും വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായാണ് യോഗം ചേരുന്നത്.

വൈകീട്ട് പൊലീസ് ഓഫീസർമാരുടെ യോഗം ചേർന്ന് ക്രമസമാധാന പ്രശ്നങ്ങൾ അവലോകനം ചെയ്യും.

✪✪✪

തിമിംഗലങ്ങൾ കരയ്ക്കടിയുന്നത് കൂടിവരുന്ന സാഹചര്യത്തിൽ, ഇന്ത്യൻ തീരത്തെ കടൽസസ്തനികളുടെ ശാസ്ത്രീയ വിവരശേഖരണത്തിനായി 100-ദിവസത്തെ സമുദ്രഗവേഷണ ദൗത്യം കൊച്ചിയിൽ തുടങ്ങി. കൊച്ചിയിൽ നിന്ന്

യാത്രതിരിച്ച സംഘം തീരത്ത് നിന്നും 12 നോട്ടിക്കൽ മൈൽ പരിധിയിലെ മേഖലയിലാണ് സർവേ നടത്തുന്നത്.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെയും കേന്ദ്ര ഫിഷറീസ് മന്ത്രാലയത്തിന് കീഴിലെ ഫിഷറീസ് സർവേ ഓഫ് ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിലാണ് സമുദ്ര ദൗത്യം.

✪✪✪

ഇന്ന് ദേശീയ ഡോൾഫിൻ ദിനം. നേപ്പാൾ, ഇന്ത്യ, ബംഗ്ലാദേശ് എന്നിവിടങ്ങളിലെ ഗംഗ-ബ്രഹ്മപുത്ര-മേഘന, കർണഫൂലി-സംഗു നദീതടങ്ങളിലെ ജലജീവികളുടെ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ഒക്ടോബർ അഞ്ച് ഡോൾഫിൻ ദിനമായി ആചരിക്കുന്നത്. വംശനാശഭീഷണി നേരിടുന്ന ഡോൾഫിനുകൾ ആരോഗ്യകരമായ ജല ആവാസ വ്യവസ്ഥയുടെ അനുയോജ്യമായ പാരിസ്ഥിതിക സൂചകങ്ങളായാണ് പ്രവർത്തിക്കുന്നത്.

✪✪✪

സിക്കിമിൽ മിന്നൽ പ്രളയത്തിൽ മരണം 14 ആയി. കാണാതായ 102 പേർക്കായി തെരച്ചിൽ തുടരുന്നു.

ഇന്നലെ പുലർച്ചെ മിന്നൽ പ്രളയത്തെ തുടർന്ന് വടക്കൻ സിക്കിമിലെ ലൊഹനാക് തടാകവും ടീസ്റ്റ നദിയും കര കവിഞ്ഞൊഴുകിയതാണ് ദുരന്തത്തിന് കാരണമായത്. 15 മുതൽ 20 അടി വരെയാണ് തടാകത്തിലെ വെള്ളം ഉയർന്നത്.

ദേശീയ ദുരന്ത നിവാരണ സേനയുടെ മൂന്ന് സംഘങ്ങളെ രക്ഷാപ്രവർത്തനത്തിനായി നിയോഗിച്ചിട്ടുണ്ട്. ഗുവാഹത്തിയിൽ നിന്നും പാട്നയിൽ നിന്നുമായി രണ്ട് കമ്പനികൾ കൂടി സിക്കിമിലേക്ക് തിരിച്ചിട്ടുണ്ട്. ദുരന്ത നിവാരണ സേനാംഗങ്ങളെ കാലാവസ്ഥ അനുകൂലമെങ്കിൽ ചുങ്താങിൽ വിമാനമാർഗ്ഗം സേവനത്തിനായി എത്തിക്കും.

✪✪✪

വധശ്രമക്കേസിൽ കുറ്റക്കാരനാണെന്ന കവരത്തി ജില്ലാ കോടതിയുടെ ശിക്ഷാ വിധി കൂടി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് ലക്ഷദ്വീപ് മുൻ എം പി മുഹമ്മദ് ഫൈസൽ സുപ്രീംകോടതിയിൽ അപ്പീൽ നൽകി. ഹർജി തിങ്കളാഴ്ച്ച പരിഗണിക്കും.

വധശ്രമ കേസിൽ മുഹമ്മദ് ഫൈസലും മറ്റ് മൂന്നുപേരും കുറ്റക്കാരാണെന്ന് കണ്ടെത്തിയ കവരത്തി സെഷൻസ് കോടതി ഉത്തരവ് സ്റ്റേ ചെയ്യാൻ കഴിഞ്ഞ

ദിവസം വിസമ്മതിച്ച ഹൈക്കോടതി സെഷൻസ് കോടതി വിധിച്ച 10 വർഷം തടവ് മരവിപ്പിച്ചിരുന്നു.

അതേസമയം, വധശ്രമക്കേസിൽ കുറ്റക്കാരനാണെന്ന വിധി റദ്ദാക്കണമെന്ന അപ്പീൽ ഹർജി കേരളാ ഹൈക്കോടതി നിരസിച്ചതിനെ തുടർന്ന് P.P മുഹമ്മദ് ഫൈസലിനെ ലോക്സഭയിൽ നിന്ന് വീണ്ടും അയോഗ്യനാക്കി. ഇത് സംബന്ധിച്ച വിജ്ഞാപനം ലോക്സഭാ സെക്രട്ടറിയേറ്റ് പുറപ്പെടുവിച്ചു. രണ്ടാം തവണയാണ് മുഹമ്മദ് ഫൈസലിനെ എംപി സ്ഥാനത്ത് നിന്ന് ലോക്സഭാ സെക്രട്ടറിയേറ്റ് അയോഗ്യനാക്കുന്നത്.

✪✪✪

കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ തൃശൂർ സഹകരണ ബാങ്ക് പ്രസിഡന്റും കേരളാ ബാങ്ക് വൈസ് പ്രസിഡന്റുമായ M.K. കണ്ണന് സ്വത്തുവിവരങ്ങൾ കൈമാറാൻ E.D അനുവദിച്ച സമയപരിധി ഇന്ന് അവസാനിക്കും. ആദായ നികുതി രേഖകൾ, സ്വയാർജിത സ്വത്തുക്കൾ, കുടുംബാംഗങ്ങളുടെ ആസ്തി വകകൾ എന്നിവ അറിയിക്കാനാണ് E.D നിർദേശം.

✪✪✪

DMK എം പി, എസ് ജഗത് രക്ഷകന്റെ തമിഴ്നാട്ടിലെ വസതിയിൽ ആദായ നികുതി വകുപ്പ് റെയ്ഡ് നടത്തി. എം.പിയുമായി ബന്ധമുള്ള 40 ഇടങ്ങളിലും പരിശോധന നടക്കുകയാണ്. ആരക്കോണം എംപിയും മുൻ കേന്ദ്ര സഹമന്ത്രിയുമാണ് ജഗത് രക്ഷകൻ.

✪✪✪

പ്രശസ്ത വയലിനിസ്റ്റ് ബാലഭാസ്കറുടെ മരണത്തിൽ തുടരന്വേഷണം നടത്താൻ ഹൈക്കോടതി സിബിഐക്ക് നിർദ്ദേശം നൽകി. ഇക്കാര്യത്തിൽ ഗൂഢാലോചന ഉണ്ടായിട്ടുണ്ടെങ്കിൽ അതുകൂടി അന്വേഷണ വിധേയമാക്കണമെന്നും, മൂന്നുമാസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നും കോടതി നിർദ്ദേശിച്ചു. ബാല ഭാസ്കറുടെ പിതാവ് നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്.

കാർ ഓടിച്ചിരുന്ന ഡ്രൈവറുടെ അശ്രദ്ധമായ ഡ്രൈവിംഗ് ആണ് ബാലഭാസ്കരുടെ മരണത്തിന് ഇടയാക്കിയതെന്ന് സിബിഐ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കേസ് നേരത്തെ അന്വേഷിച്ച ക്രൈം ബ്രാഞ്ചും ഇതേ നിഗമനത്തിലാണ് എത്തിയത്.

✪✪✪

ICC ഏകദിന ലോകകപ്പ് ക്രിക്കറ്റിന് അൽപ്പ സമയത്തിനകം അഹമ്മദാബാദിൽ തുടക്കമാകും. നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ലോകകപ്പിലെ ആദ്യ മത്സരം ന്യൂസിലാൻഡും ഇംഗ്ലണ്ടും തമ്മിലാണ്. ഉച്ചയ്ക്ക് രണ്ടിന് മത്സരം ആരംഭിക്കും. ഇന്ത്യയുടെ ആദ്യ മത്സരം ഞായറാഴ്ച ഓസ്ട്രേലിയയ്ക്കെതിരെ ചെന്നൈയിലാണ്. രാജ്യത്തെ 10 നഗരങ്ങളിലായി ഒന്നരമാസംകൊണ്ട് ലോകകപ്പ് മത്സരങ്ങൾ പൂർത്തിയാകും.

ഈ മാസം 14-ലെ ഇന്ത്യ-പാകിസ്താൻ മത്സരമടക്കം അഞ്ച് മത്സരങ്ങൾ അഹമ്മദാബാദിലാണ്. അടുത്തമാസം 19നാണ് ഫൈനൽ.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് ഇന്ന് രണ്ട് സ്വർണം. അമ്പെയ്ത്ത് കോമ്പൗണ്ട് വനിതാ ടീം ഇനത്തിലും സ്ക്വാഷ് മിക്സഡ് ഡബിൾസ് ഇനത്തിലുമാണ് സ്വർണനേട്ടം. അമ്പെയ്ത്തിൽ ജ്യോതി സുരേഖ വെണ്ണം, അദിതി ഗോപിചന്ദ്, പ്രണീത് കൗർ എന്നിവരടങ്ങുന്ന ടീമും സ്ക്വാഷ് മിക്സഡ് ഡബിൾസിൽ ദീപിക പള്ളിക്കൽ - ഹരീന്ദർ പാൽ സിംഗ് ജോഡിയുമാണ് സ്വർണം നേടിയത്.

ഇതോടെ 20 സ്വർണവും 31 വെള്ളിയും 32 വെങ്കലവുമുൾപ്പെടെ 83 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്ത് തുടരുന്നു. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ എക്കാലത്തെയും മികച്ച പ്രകടനമാണിത്. ജക്കാർത്തയിൽ നടന്ന 18-ാമത് ഏഷ്യൻ ഗെയിംസിൽ 70 മെഡലുകളായിരുന്നു ഇന്ത്യ കരസ്ഥമാക്കിയത്.

ബാഡ്മിന്റണിൽ മലയാളി താരം HS പ്രണോയ് സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടറിൽ മലേഷ്യൻ താരത്തെ മൂന്ന് ഗെയിമുകൾക്ക് തോൽപ്പിച്ചാണ് HS പ്രണോയ് മെഡലുറപ്പിച്ചത്.

ബാഡ്മിന്റൺ വനിതാ സിംഗിൾസ് ക്വാർട്ടർ റൗണ്ടിൽ ഇന്ത്യയുടെ P.V സിന്ധു തോറ്റ് പുറത്തായി. ചൈനീസ് താരത്തോട് 2-0 ത്തിനാണ് സിന്ധു പരാജയപ്പെട്ടത്.

വനിതകളുടെ 50 കിലോഗ്രാം ഗുസ്തി സെമിഫൈനലിൽ പൂജ ഗെഹ്-ലോട്ട് മലേഷ്യൻ താരത്തോട് 6-9 ന് പരാജയപ്പെട്ടു.

സ്ക്വാഷ് പുരുഷ സിംഗിൾസിൽ ഫൈനലിൽ കടന്ന സൗരവ് ഘോഷാൽ സ്വർണം ലക്ഷ്യമിട്ട് ഉച്ചയ്ക്ക് ശേഷം ഇറങ്ങും . 1.30-ന് വനിതകളുടെ ഹോക്കി സെമിയിൽ ഇന്ത്യ ചൈനയെ നേരിടും. ഗുസ്തി റോളർ സ്കേറ്റിംഗും കബഡിയും ചെസ്സും ഇന്ത്യ ഇന്ന് വിജയം പ്രതീക്ഷിക്കുന്ന ഇനങ്ങളാണ്.

✪✪✪

കൊല്ലം ജില്ലാ സ്കൂൾ കായികമേള നാളെ കല്ലുവാതുക്കലിൽ ആരംഭിയ്ക്കും. നാല് ദിവസത്തെ കായികമേളയിൽ വിവിധ വിഭാഗങ്ങളിലായി 12 ഉപജില്ലകളിൽ നിന്ന് രണ്ടായിരത്തിലധികം കായികതാരങ്ങൾ പങ്കെടുക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റ മണ്ഡലമായ കണ്ണൂർ ധർമടത്ത് മുഖ്യമന്ത്രി പങ്കെടുക്കുന്ന കുടുംബ യോഗങ്ങൾ നാളെ ആരംഭിക്കും. ചൊവ്വാഴ്ച സമാപിക്കുന്ന പരിപാടിയിൽ 28 കേന്ദ്രങ്ങളിലെ കുടുംബ യോഗങ്ങളിൽ മുഖ്യമന്ത്രി പങ്കെടുക്കും.

നാളെ വൈകീട്ട് പെരളശ്ശേരിയിലാണ് ആദ്യ യോഗം. ഗവണ്മെന്റിന്റെ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കാനും ജനഹിതം മനസ്സിലാക്കാനും നടത്തുന്ന യോഗങ്ങൾ എല്ലാ നിയമ സഭാ മണ്ഡലങ്ങളിലും നടത്തും.

✪✪✪

ദേശീയപാത 183 ന്റെ അലൈൻമെന്റിന് കേന്ദ്ര ദേശീയപാത മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതായി എൻ.കെ. പ്രേമചന്ദ്രൻ എം.പി അറിയിച്ചു. കൊല്ലം ഹൈസ്കൂൾ ജംഗ്ഷനിൽ നിന്നാരംഭിച്ച് തേനി വരെ റോഡിനാണ് അംഗീകാരം ലഭിച്ചത്. ദേശീയപാത 83 ലെ തേനിയും ദേശീയപാത 66 ഉം തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ദേശീയപാത 183. ബ്ലാക്ക് സ്പോട്ടുകൾ ഒഴിവാക്കിയും കൊടും വളവുകൾ നിവർത്തിയും ഗ്രേഡിംഗ് വർദ്ധിപ്പിച്ചുമാണ് വികസനം സാദ്ധ്യമാക്കുന്നത്.

✪✪✪

മുഖ്യമന്ത്രിയുടെ മേഖല അവലോകന യോഗങ്ങൾ ധൂർത്തും ദുർവ്യയവുമാണെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി എം ടി രമേശ് കുറ്റപ്പെടുത്തി. തിരുവനന്തപുരത്ത് നടത്താവുന്ന പദ്ധതി അവലോകനം വിവിധ മേഖലകളിൽ നടത്തുന്നത് എന്തിനാണ് എന്ന് അദ്ദേഹം കോഴിക്കോട്ട് ചോദിച്ചു.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴിയിലെ അപകടത്തിൽ മത്സ്യതൊഴിലാളി മരിച്ചു. പുതുക്കുറിച്ചി സ്വദേശി നൗഫലാണ് മരിച്ചത്. രാവിലെ 10 മണിയോടെ അഴിമുഖം കടക്കവേ വള്ളത്തിലെ കപ്പി തലയിൽ വീണ് പരിക്കേറ്റായിരുന്നു അപകടം. അപകടത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

✪✪✪

വയനാട് തലപ്പുഴയിൽ ഇന്നലെ വൈകീട്ട് വീണ്ടും മാവോയിസ്റ്റുകളെത്തി. കഴിഞ്ഞ ദിവസങ്ങളിൽ KFDC ഓഫീസ് തകർത്ത അഞ്ചംഗ സംഘമാണ് വിണ്ടും കമ്പമലയിൽ ഏത്തിയത്. വൈകിട്ട് ആറരയോടെ എസ്റ്റേറ്റിൽ ഏത്തിയ സംഘം തൊഴിലാളികൾ താമസിക്കുന്ന പാടിക്ക് സമീപം പോലിസ് സ്ഥാപിച്ച നിരീക്ഷണ ക്യാമറകൾ അടിച്ചു തകർത്തു.

✪✪✪

കോഴിക്കോട് ജില്ലയിൽ നിപ സമ്പർക്ക പട്ടികയിൽ നിന്ന് 23 പേരെ കൂടി ഒഴിവാക്കി. 17 പേരാണ് സമ്പർക്ക പട്ടികയിൽ ശേഷിക്കുന്നത്.

✪✪✪

കോഴിക്കോട് ജില്ലയിൽ കനത്ത മഴയെ തുടർന്ന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിച്ചു. ക്വാറികളുടെ പ്രവർത്തനം, മണ്ണെടുക്കൽ, ഖനനം, കിണർ നിർമ്മാണ പ്രവർത്തനം, എന്നിവയ്ക്ക് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളാണ് പിൻവലിച്ചത്. വെള്ളച്ചാട്ടങ്ങൾ, നദീതീരങ്ങൾ, ബീച്ചുകൾ ഉൾപ്പെടെ ഇടങ്ങളിൽ പ്രവേശന വിലക്ക് പിൻവലിച്ചെങ്കിലും ജാഗ്രത പുലർത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശം നൽകി.

✪✪✪